ഒരു സ്കീമിൽ ഇത് എടുത്ത് ആവശ്യമുള്ള ഫണ്ട് അനുവദിച്ചു എങ്കിൽ പോലും ഈ റോഡ് നന്നാക്കാൻവേണ്ടി യാതൊരു നടപടിയും ഉണ്ടായിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തും ഈ റോഡ് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി എടുക്കുകയും ടെന്റർ വിളിക്കുകയും ഏലിയാസ് എന്ന് പറയുന്ന ഒരു കോൺട്രാക്ടർ പണിയെടുക്കുകയും ചെയ്തു. നാളിതുവരെ യാതൊരു പുരോഗതിയും ഇല്ലാതിരിക്കുന്ന ഈ സാഹചര്യത്തിൽ പുറം ലോകവുമായി ബന്ധപ്പെടാൻ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. ഈ റോഡ് എത്രയും വേഗം നന്നാക്കാൻ വേണ്ടിയുള്ള നടപടി ഗവൺമെന്റ് എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ, ദേവികുളം നിയോജക മണ്ഡലത്തിൽപ്പെടുന്ന കല്ലാർ, കുരിശുപാറ, വിരിപ്പാറ-മാങ്കുളം റോഡിന്റെ പണി 2000-2001-ൽ ആർ.ഐ.ഡി.എഫ് (6)-ൽ ഉൾപ്പെടുത്തിയിട്ടുള്ളതും 8.12.2002-ൽ പണി പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ കരാർ ഉറപ്പിച്ചിട്ടുള്ളതുമാണ്. ഇതുവരെ റോഡിന്റെ പണിയുടെ 55 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. മഴ കാരണം പണി താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് എത്രയും വേഗം പണി പൂർത്തിയാക്കി ജനങ്ങളുടെ ദുരിതത്തിന് പരിഹാരം കാണുന്നതാണ്.

(3) നാടുകാണിയിലെ 33 കെ.വി. സബ് സ്റ്റേഷന്റെ പണി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, വൈദ്യുതി രംഗത്ത് മലബാർ മേഖലയിൽ കഴിഞ്ഞ എൽ. ഡി.എഫിന്റെ കാലത്ത് നല്ല നിലയിൽ ഒരു കുതിച്ചു കയറ്റം തന്നെയാണ് ഉണ്ടായിരുന്നത്. മങ്കൊമ്പ് 110 കെ.വി. സബ് സ്റ്റേഷൻ, പരിയാരം 33 കെ.വി. സബ് സ്റ്റേഷൻ, കുറ്റ്യാടി 33 കെ.വി. സബ് സ്റ്റേഷൻ , ശ്രീകണ്ഠാപുരം 66 കെ.വി. സബ് സ്റ്റേഷൻ ഇതിന്റെയൊക്കെ പണി പൂർത്തിയായി. ഉദ്ഘാടനം ചെയ്തത് ഈ അടുത്ത കാലത്താണ്. മലയോരക്കര മേഖലയായ ആലംകോട് ചപ്പാരപ്പടവ് മേഖലയ്ക്ക് ആവശ്യമായി നാടുകാണിയിൽ 17.2.2001 ന് 31 കെ.വി. സബ് സ്റ്റേഷന്റെ തറക്കല്ലിടുകയും പ്രവൃത്തി സാങ്കേതികമായിട്ട് എല്ലാ കാര്യങ്ങളും പൂർത്തിയാക്കി ആരംഭിക്കുകയും ചെയ്തു. പക്ഷേ, പണി ഇപ്പോൾ നിലച്ചിരിക്കുകയാണ്. അടിയന്തിരമായി പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, നാടുകാണി 33 കെ.വി സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വച്ചിട്ടില്ല. ഉപകരണങ്ങളുടെ ചില പ്രധാനപ്പെട്ട സാധന സാമഗ്രികൾ പർചെയ്സ് ചെയ്യുന്നതിനുള്ള നടപടിയും തളിപ്പറമ്പ് സബ്സ്റ്റേഷനിൽ നിന്നും നാടുകാണി സബ് സ്റ്റേഷനിലേയ്ക്കുള്ള 33 കെ.വി ലൈനിന്റെ പണി തുടങ്ങാൻ ആവശ്യമായ മരം മുറിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. എത്രയും വേഗം അവിടെ പണി നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly